# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 1584 | 21.01.2014 -ൽ മറുപടി നൽകേണ്ടത്

## കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഇളവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി. ജോർജ്ജ് :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ :<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) കെട്ടിട നിർമ്മാണ ചട്ടവും നിയമങ്ങളും ലംഘിച്ച് നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ എന്തെങ്കിലും ഇളവുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) ഉണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ 407 ാം വകുപ്പ്, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 AB വകുപ്പ് എന്നിവ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് 31-03-2013 വരെ നിർമ്മിച്ചിട്ടുള്ള നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്ന വിഷയം പരിഗണിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി കേരള മുനിസിപ്പാലിറ്റി ആക്ടിലെ 407-ാം വകുപ്പ് ഭേദഗതി ചെയ്യുകയും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 AB വകുപ്പ് ഭേദഗതി ചെയ്യുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലുള്ള നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഇപ്രകാരം നിർമ്മിക്കപ്പെട്ടിട്ടുള്ള വാസഗൃഹങ്ങളുടെ കാര്യത്തിൽ എന്തെല്ലാം ഇളവുകളാണ് നിലവിൽ നൽകിയിട്ടുള്ളത് എന്നറിയിക്കുമോ ? | (ബി) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലെ നിയമാനുസൃതമല്ലാത്ത കെട്ടിടനിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ